## ചോ:

# "നാമധേയവിഭാഗീയത്വം നിന്ദ്യമാണെങ്കിൽ, വിശ്വാസികൾക്ക് എങ്ങനെ യോജിക്കുവാൻ കഴിയും?"

## ഉത്തരം:

ക്രിസ്തുവിൽ വിശ്വസിക്കുന്നവർ പിരിഞ്ഞ് നൂറുകണക്കിനു സഭകളായി ചിതറി കഴിയുകയാണ്. പല ബ്രാൻ്റുകളിൽ അറിയപ്പെടുന്ന ടൂത്ത് പെയിസ്റ്റു പോലെ ക്രിസ്ത്യാനിത്വം പല ബ്രാൻ്റുകളായിട്ടാണ് നിലനില്ക്കുന്നത്!

നാമധേയവിഭാഗീയത്വം അപമാനമാണെന്നു നാം വിശ്വസിക്കുവാനുള്ള ഒന്നാമത്തെ കാരണം ക്രിസ്തുവിൽ വിശ്വസിക്കുന്നവർ പകയും വിദ്വേഷവും വെച്ചു മതപരമായ ഭിന്നിപ്പാണ് ഉണ്ടാക്കിയിരിക്കുന്നത്. രണ്ടാമത്, അതു അപമാനമാണെന്നു പറയുവാൻ കാരണം അതുക്രിസ്ത്യാനിത്വം സ്വീകരിക്കുന്നതിൽ നിന്നു ആളുകളെ അകറ്റുന്നു. പലതരം ഉപദേശങ്ങൾ പഠിപ്പിക്കുന്ന, മൂന്നു മിഷ്ണറിമാർ ഒരു ആഫ്രിക്കൻ ഗോത്രത്തെ സന്ദർശിച്ചു. മാസങ്ങൾ കഴിഞ്ഞിട്ടും, ഒരാളെ പോലും അവർക്കു പരിവർത്തനം ചെയ്യുവാൻ കഴിഞ്ഞില്ല. എന്താണ് കുഴപ്പമെന്നറിയുവാൻ അവർ ഗോത്രമുഖ്യനെ സന്ദർശിച്ചു. ഗോത്രമുഖ്യൻ അവരുടെ പരാതി കേട്ടിട്ടു പറഞ്ഞു, "നിങ്ങൾ ഞങ്ങളോടു യേശുവിനെ കുറിച്ചു പറഞ്ഞു, എന്നാൽ നിങ്ങൾ മൂന്നു പേരും ഉപദേശിച്ചതു വ്യത്യസ്തമായിട്ടാണ്. ആദ്യം, നിങ്ങൾ ഒരുമിച്ചിരുന്നു യേശു എന്താണുപദേശിച്ചത് എന്നു തീരുമാനിക്കുക. അപ്പോൾ ഒരു പക്ഷെ ഞങ്ങൾ നിങ്ങൾ പറയുന്നതു കേൾക്കുകയും അനുസരിക്കുകയും ചെയ്തേക്കാം." യേശുവിനെ പിൻപറ്റുന്നു എന്നവകാശപ്പെടുന്നവർക്കിടയിൽ മതപരമായ വേർതിരിവുള്ളതുകൊണ്ടു അനേകം പേർ ക്രിസ്തുവിനെ അനുഗമിക്കുവാൻ മടിക്കുന്നു. ആരോ പറഞ്ഞു, "ക്രിസ്ത്യാനിത്വത്തെ വിഭജിക്കുവാൻ നാം കൊടുത്ത വിലയുടെ ഫലമാണ് അവിശ്വാസമുള്ള ലോകം."

നാമധേയവിഭാഗീയത അപമാനമാകുവാൻ മുഖ്യകാരണം അതു ദൈവേഷ്ടത്തിനു വിരുദ്ധമാണ്. യേശു പ്രാർത്ഥിച്ചു: "ഇവർക്കു വേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു; അവർ എല്ലാവരും ഒന്നാകേണ്ടതിന്നു; പിതാവേ, നീ എന്നിലും, ഞാൻ നിന്നിലും, ആകുന്നതുപോലെ, ... നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ" (യോഹന്നാൻ 17:20, 21). പൗലൊസ് എഴുതി: "സഹോദരന്മാരേ, നിങ്ങൾ എല്ലാവരും, ഒന്നു തന്നെ സംസാരിക്കയും, നിങ്ങളുടെ ഇടയിൽ ഭിന്നത ഭാവിക്കാതെ, ഏകമനസിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം, എന്നു ഞാൻ നിങ്ങളെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു" (1 കൊരിന്ത്യർ 1:10).

നാമധേയവിഭാഗീയത്വം അപമാനമാണെന്നു നാം സമ്മതിച്ചാലും, ചോദ്യം

അവശേഷിക്കുന്നു: *ക്രിസ്തുവിൽ വിശ്വസിക്കുന്നവർ എങ്ങനെ ഒന്നിക്കും?* ഐക്യതക്കുള്ള രണ്ടു സമീപനങ്ങളുടെ വ്യത്യാസം നമുക്ക് ഒന്നു നോക്കാം.

### മനുഷ്യർ എടുത്തിരിക്കുന്ന സമീപനം

മനുഷ്യർ ഐക്യത കൈവരിക്കുവാൻ ശ്രമിക്കുന്നതു ഒന്നോ രണ്ടോ വഴികളിൽ കൂടയാണ്. അതിൽ ഒരു വഴി *സഹകരണം മുഖാന്തരം ഉള്ള ഐക്യത* എന്ന ആശയമാണ്. വിവിധ നാമധേയവിഭാഗങ്ങളിലുള്ളവർ, വ്യത്യസ്ത ഉപദേശങ്ങളിൽ തന്നെ ആയിരുന്നുകൊണ്ടു, വിയോജിക്കുവാൻ സമ്മതിക്കുന്നു. അവർക്കിടയിൽ പൊതുവായ കാര്യങ്ങൾ എല്ലാം അവർ എടുത്തു പറയുകയും എന്നാൽ അവർക്കിടയിലെ വ്യത്യാസങ്ങളെ അവഗണിക്കയും ചെയ്യും.

ഈ മനോഭാവമുള്ളവർ ചിലപ്പോൾ അനൗപചാരിക പ്രാർത്ഥനാ കൂട്ടമോ ബൈബിൾ പഠനമോ സംഘടിപ്പിക്കും. അവർക്ക് തമ്മിൽ വ്യത്യാസമുള്ള പല കാര്യങ്ങളെയും അവഗണിച്ച് എല്ലാവരും വിശ്വസിക്കുന്ന കാര്യങ്ങളെ കുറിച്ചു ചർച്ച ചെയ്യും. അല്ലെങ്കിൽ സ്നാനത്തെ കുറിച്ചും, കർത്തൃമേശയെ കുറിച്ചും, സഭാ ഭരണത്തെ കുറിച്ചും വിവിധ അഭിപ്രായങ്ങൾ വെച്ചുകൊണ്ടിരിക്കുന്നവരെ ചേർത്തു നാമധേയവിഭാഗങ്ങൾക്കിടയിലുള്ള സഭ അവർ രൂപീകരിക്കും.

ചില സഭകളുടെ സഹകരണ ശ്രമത്താൽ ആ സമീപനം വളരെ വിപുലമാക്കിയിരിക്കുന്നതും കാണാം. സഭകൾ അവരുടെ വ്യത്യാസം മറന്നു അവർക്കു താല്പര്യമുള്ള പദ്ധതികൾ നടപ്പാക്കും. അല്ലെങ്കിൽ ചർച്ച് കൗൺസിലുകളിൽ നാമധേയവിഭാഗങ്ങൾ ഒന്നിച്ചിരിക്കും. ആ കൗൺസിലുകളിൽ, ഓരോ സഭയും അവരുടെ വിശ്വാസം മുറുകെ പിടിച്ച്, സാമൂഹ്യസേവനത്തിനോ, അല്ലെങ്കിൽ ധർമ്മോപകാരത്തിനും സുവിശേഷപ്രവർത്തനത്തിനും സഹകരിക്കും.

ആ സമീപനത്തിൽ എന്തെങ്കിലും തെറ്റുണ്ടോ? അതിൽ തീർച്ചയായും ഒരപേക്ഷയുണ്ട്: മറ്റു വിശ്വാസങ്ങൾ ഉള്ളവരെ സഹിക്കുകയും സഹകരിക്കയും ചെയ്യുന്നു. അതിൽ ക്രിസ്തീയമനോഭാവം പോലും അടങ്ങിയിരിക്കുന്നതായി കാണാം.

പ്രശ്നം എന്തെന്നാൽ അതു യാതൊരു നേട്ടവും കൈവരിക്കാത്ത പരിഹാരമാണ്. അതു വാസ്തവത്തിലുള്ള ഐക്യത ഉണ്ടാക്കുന്നില്ല. അതു പ്രശ്നത്തെ തൂത്തുവാരി അടിയിൽ മൂടിയിടുന്നതുപോലെയാണ്. അതു കാഴ്ച്ചക്കു മറഞ്ഞിരിക്കാം, എന്നാൽ അതു അപ്പോഴും അവിടെത്തന്നെ ഉണ്ട്. നമ്മുടെ ഭിന്നത കാര്യമില്ലെന്നു നാം നടിക്കുകയാണെങ്കിലും, അപ്പോഴും ഭിന്നിച്ചിരി*ക്കുകയാണ് നാം*, കൂടാതെ നാമധേയവിഭാഗീയതയുടെ ദോഷം നിലനില്ക്കുകയും ചെയ്യുന്നു.

ഏറ്റവും പ്രധാനമായി, ഈ സമീപനം തെറ്റാകുവാൻ കാരണം അത് ബൈബിളിൽ പറയുന്ന ഐക്യത ഉണ്ടാക്കുന്നില്ല എന്നതാണ്. നമ്മുടെ കർത്താവു പ്രാർത്ഥിച്ചത് വിശ്വാസികൾ ഒന്നായി തീരേണ്ടത് “അത്, പിതാവ് എന്നിലും, ഞാൻ അവനിലും, ആകുന്നതുപോലെയത്രെ” (യോഹന്നാൻ 17:21). പിതാവും പുത്രനും എത്രമാത്രം അടുത്തിരിക്കുന്നു? അവർ ഉദ്ദേശത്തിലും, പദ്ധതിയിലും, ശക്തിയിലും എങ്ങനെ ഒന്നായിരിക്കുന്നു എന്നു നോക്കുക. ഈ നാമധേയവിഭാഗങ്ങളുടെ സഹകരണത്താൽ അത്തരം ഒരു

ഐക്യതയാണോ നേടുന്നത്? തീർച്ചയായും അല്ല! ഏക അഭിപ്രായത്തിലും ഏക മനസ്സിലും യോജിച്ചിരിക്കുവാനാണ്, പൗലൊസ് കൊരിന്ത്യയിലുള്ള വരോടു അപേക്ഷിച്ചത് (1 കൊരിന്ത്യർ 1:10). ആറു വ്യത്യസ്ത സഭകൾ - വിവിധ പേരുകളിൽ അറിയപ്പെട്ട്, വിവിധ രക്ഷാമാർഗ്ഗങ്ങൾ പഠിപ്പിച്ച്, വിവിധ രീതിയിൽ ആരാധിച്ച് - സഹകരിക്കുവാൻ സമ്മതിച്ചാൽ, അവർ എല്ലാം അതിനോടു യോജിക്കുമോ? അവർ ഏക മനസ്സിലും ഏക അഭിപ്രായത്തിലും ആണോ? അല്ല, അവർ അങ്ങനെ ആകുന്നില്ല!

ബൈബിളിലെ ഐക്യത വാസ്തവത്തിലുള്ള ഐക്യതയാണ്. അത് ഉപദേശത്തിലും പരിശീലനത്തിലും ഉള്ള ഐക്യതയാണ്. സഹകരണം മുഖാന്തരമുള്ള ഐക്യതയിൽ നമുക്കു അത്തരം ഒരു യോജിപ്പ് പ്രതീക്ഷിക്കുന്നതിനെക്കാൾ ഉപരിയാണ്.

മതപരമായ ഭിന്നത അതിജീവിക്കുവാൻ മനുഷ്യർ എടുക്കുന്ന രണ്ടാമത്തെ മാർഗ്ഗം സഭ ലയിപ്പിക്കുന്നതിനാലുണ്ടാകുന്ന നൈസർഗ്ഗികമായ ഐക്യതയാണ്. അത് *വിട്ടുവീഴ്ച്ച മുഖാന്തരം ഉണ്ടാകുന്ന ഐക്യത* എന്നു കരുതാം, കാരണം ഏതു രൂപമാണ് ഐകമത്യപ്പെട്ട സഭ എടുക്കേണ്ടത് എന്നു തീരുമാനിക്കുവാൻ ആ യൂണിയനിൽ ഉൾപ്പെട്ട സഭകൾ വിട്ടുവീഴ്ച്ചക്കു തയ്യാറാകണം.

ഈ സമീപനത്തിൽ എന്തെങ്കിലും തെറ്റുണ്ടോ? അത് "സഹകരണം മുഖാന്തരമുള്ള ഐക്യത" എന്ന ആശയത്തിനുള്ള എതിർപ്പുകൾക്ക് മറുപടി കണ്ടെത്തുന്നു - അത് വാസ്തവത്തിലുള്ള ഐക്യത ഉണ്ടാക്കുന്നു. പുതിയ സഭ വാസ്തവത്തിൽ യോജിക്കുന്നു. അപ്പോഴും, ആ രീതിയിൽ രണ്ടു എതിർപ്പുകൾ പ്രതീക്ഷിക്കാം.

ഒന്ന്, വിട്ടുവീഴ്ച മുഖാന്തരമുള്ള ഐക്യത കൂടുതലോ, കുറച്ചു സഭകളിലോ ഉണ്ടാകുവാനിടയില്ല. കാനഡയിൽ, മൂന്നു സഭകൾ ഒന്നിച്ച് "ഐക്യസഭ" എന്നതിനു രൂപം കൊടുത്തു. 1960 കളിൽ ഞങ്ങൾ കാനഡയിൽ താമസിച്ചപ്പോൾ, ആ ഐക്യസഭ പ്രൊട്ടസ്റ്റന്റ് വിഭാഗത്തിൽ ഒരുപക്ഷെ ഏറ്റവും വലുതായി കാണപ്പെട്ടിരിക്കാം. എന്നാൽ അതേ മൂന്നു സഭകൾ ആ ഐക്യസഭയിൽ നിന്നും വേറിട്ട് കാനഡയിൽ ഉണ്ടായിരുന്നു. ലയനം സംഭവിച്ചപ്പോൾ, യോജിക്കാത്ത ഇടവകകളും വ്യക്തികളും ഐക്യസഭയിൽ നിന്നു വേറിട്ട് അവരുടെ മുൻപിലത്തെ നാമധേയവിഭാഗങ്ങളിൽ തന്നെ നിലനിന്നിരുന്നു. ആ ലയനം ഉദ്ദേശിച്ചത് മൂന്നു സഭകൾ ഉണ്ടായിരുന്നത് ഒരു സഭയായി തീരുവാൻ ആയിരുന്നു എന്നു കരുതുന്നു. എന്നാൽ യഥാർത്ഥത്തിൽ സംഭവിച്ചത് മുൻപ് മൂന്നു സഭകളാണ് ഉണ്ടായിരുന്നതെങ്കിൽ, ഇപ്പോൾ അതു നാലായി തീർന്നു: അതേ മൂന്നുസഭകളും, *അതിനോടുകൂടി* പുതിയ വിഭാഗമായ, ഐക്യസഭയും. ആ ലയനം ഭിന്നത കുറയ്ക്കുകയല്ല, കൂട്ടുകയാണ് ചെയ്തത്.

വിട്ടുവീഴ്ച്ചയിലൂടെ ഐക്യത ആഗ്രഹിക്കുന്നതിൽ ഉള്ള മറ്റൊരു തടസ്സം ഇതാണ്: "ഒരു വലിയ സഭ" ആകുവാൻ ആ അടിസ്ഥാനത്തിൽ നാമധേയ വിഭാഗങ്ങൾ ലയിക്കുമ്പോൾ, ആ "ഒരു വലിയ സഭ" ദൈവത്തെ പ്രസാദിപ്പിക്കുന്ന ഒന്നായി തീരുമെന്ന് ഒരുറപ്പുമില്ല. വിട്ടുവീഴ്ച്ച എല്ലായ്പ്പോഴും മനുഷ്യരുടെ അഭിപ്രായങ്ങളെയും പാരമ്പര്യങ്ങളെയും ആസ്പദമാക്കിയാണിരിക്കുന്നത്. ഒരു നാമധേയവിഭാഗത്തിലെ പ്രതിനിധികൾ പറയും, ഉദാഹരണത്തിന്, "ഞങ്ങളുടെ ആരാധന നിങ്ങൾ സ്വീകരിക്കു*മെങ്കിൽ*, സഭയുടെ

സംഘടനയിൽ ഞങ്ങൾ നിങ്ങളോടു വിട്ടുവീഴ്ച്ച ചെയ്യാം." വിട്ടുവീഴ്ച്ച സത്യത്തിൽ എത്തുവാനുള്ള ഏറ്റവും നല്ല മാർഗ്ഗമല്ല. ഐക്യതയെക്കാൾ സത്യത്തിനാണ് പ്രാധാന്യമുള്ളത്. യേശു പറഞ്ഞു, "നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹന്നാൻ 8:32). തെറ്റ് വിശ്വസിക്കുകയും പരിശീലിക്കുകയും ചെയ്താൽ, അത് ഐക്യതയുടെ പേരിലായാൽ പോലും, ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

*നാം* ചിന്തിക്കുന്നതിനനുസരിച്ചു ഐകൃതക്കായി വിട്ടുവീഴ്ച്ച ചെയ്യുകയാണെങ്കിൽ, നാം തീർച്ചയായും "ഒരു വലിയ സഭ" യിൽ ആയി തീർന്നേക്കാം. എന്നാൽ ആ "വലിയ ഒരു സഭ" ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല എങ്കിൽ, നാം എന്തു നേടി? മദ്ധ്യ കാലഘട്ടത്തിൽ, ക്രിസ്ത്യാനിത്വം പൂർണ്ണമായും "ഒരു വലിയ സഭ" ആയിരുന്നു. അതു ഐക്യതയായിരുന്നു. എന്നാൽ ആ "വലിയ ഒരു സഭ" ദൈവത്തെ പ്രസാദിപ്പിച്ചുവോ? അതു പ്രസാദിപ്പിച്ചുവെന്നു നമ്മിൽ ചിലർ സമ്മതിക്കും.

അതുകൊണ്ട്, ഭിന്നത എന്ന പ്രശ്നം പരിഹരിക്കുവാൻ സഭാലയനം കൊണ്ടു സാധ്യമല്ല. അവരുടെ പരിശ്രമ ഫലമായി ഒരു സഭ ഉണ്ടായാൽ പോലും, ആ സഭ ബൈബിൾ സത്യം ഉപദേശിക്കുകയും, ബൈബിൾ അനുസരിച്ചു ആരാധിക്കുകയും ചെയ്തില്ല എങ്കിൽ അതിൽ ചേരുന്നവർക്ക് വലിയ വ്യത്യാസമൊന്നും സംഭവിക്കുന്നില്ല. ഐക്യത അന്വേഷിക്കുന്നതിൽ, *ആദ്യം* നാം സത്യം അനുസരിച്ച് ദൈവത്തെ പ്രസാദിപ്പിക്കുന്നതിനെ കുറിച്ച് ചിന്തിക്കണം, *രണ്ടാമത്* ഒന്നായി തീരുന്നതിനെ കുറിച്ചും ചിന്തിക്കണം.

മനുഷ്യർ എടുത്തിരിക്കുന്ന ആദ്യത്തെ ഐക്യതക്കുള്ള മാർഗ്ഗത്തെ "ഒരു കുടക്കീഴിലുള്ള സമീപന" മെന്ന് പറയാം. എല്ലാ നാമധേയവിഭാഗങ്ങളെയും അല്ലെങ്കിൽ "ക്രിസ്ത്യാനികളെയും" ഒരു "കുടക്കീഴിൽ," അല്ലെങ്കിൽ എല്ലാ സംഘടനകളും യോജിപ്പിക്കുക, അപ്പോൾ എല്ലാം ഒന്നായി തീരും എന്ന ആശയമാണ്. പക്ഷെ അങ്ങനെ സംഭവിക്കുന്നില്ല.

മനുഷ്യരുടെ ഐക്യതക്കുവേണ്ടിയുള്ള രണ്ടാമത്തെ സമീപനത്തെ "സമ്മിശ്ര സമീപനം" എന്നു വിളിക്കാവുന്നതാണ്. അത് ഒരു പുതിയ ഉൽപ്പന്നം ഉണ്ടാക്കുവാൻ പല ദ്രവ്യപദാർത്ഥങ്ങളും ചേർക്കുന്നതുപോലെയാണ്. ആ ഉൽപ്പന്നം, ഒന്നാണെങ്കിലും, ശരിയായ മിശ്രിതം ആയിരിക്കുകയില്ല. പല മരുന്നുകളും യോജിപ്പിച്ചെടുത്താൽ അത് നിങ്ങളെ സഹായിക്കുന്ന ഔഷധമായി തീരുന്നില്ല, അതുപോലെ വിവിധ നാമധേയ വിഭാഗങ്ങളുടെ വ്യത്യസ്ത ഉപദേശങ്ങൾ ചേർത്താൽ അത് ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു സഹായകരമായ മിശ്രിതം ആകണമെന്നില്ല.

## ബൈബിൾപരമായ സമീപനം

രണ്ടാമത്, മനുഷ്യന്റെ സമീപനത്തിനു എതിരായതാണ് ഐക്യതക്കുള്ള ബൈബിൾ സമീപനം. ബൈബിൾ സംബന്ധമായ ഐക്യതയുടെ അഞ്ചു സ്വഭാവ വിശേഷതകൾ നമുക്ക് എടുത്തുകാണിക്കാം.

*ദൈവവചനത്തെ ആസ്പദമാക്കിയുള്ളതാണ് ബൈബിൾ സംബന്ധമായ ഐക്യത.* യേശുവിന്റെ ഐക്യതക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ, അവൻ വചനത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറഞ്ഞിരിക്കുന്നു. അപ്പൊസ്തലന്മാർക്ക് വചനം നൽകിയിരിക്കുന്നതായി യേശു പറഞ്ഞു (യോഹന്നാൻ 17:6, 14), അവർ ആ വചനം പ്രമാണിച്ചു (യോഹന്നാൻ 17:6), അവർ ആ വചനത്താൽ

വിശുദ്ധീകരിക്കപ്പെടുന്നതും ആ വചനം ആണ് സത്യമെന്നും പറഞ്ഞു (യോഹന്നാൻ 17:17, 19), അപ്പൊസ്തലന്മാർ ആ വചനം പ്രസംഗിച്ചപ്പോൾ ലോകം അതിനാൽ യേശുവിൽ വിശ്വസിച്ചു (യോഹന്നാൻ 17:20). തീർച്ചയായും, *ദൈവ വചനം അനുസരിക്കുകയും, പ്രസംഗിക്കുകയും കേൾക്കുകയും ചെയ്തു കൊണ്ട്* അവന്റെ ആളുകൾ ഒന്നായി കാണുവാനാണ് യേശു ആഗ്രഹിച്ചത്.

നാം എല്ലാവരും ഒന്നായി തീരേണ്ടതാണെങ്കിൽ എന്തിന് ദൈവത്തിന്റെ വചനം അനുസരിക്കണം?

അതാവശ്യമാണ് കാരണം നാം ഒരേ അധികാരത്തെ അംഗീകരിക്കുന്ന തുവരെ നമുക്ക് ഒന്നായി തീരുവാൻ കഴിയുകയില്ല. മതത്തിൽ അന്തിമ അധി കാരം എന്താണ്? സഭയുടെ പാരമ്പര്യമോ? അതോ ബൈബിളോ? ബൈബിൾ അനുസരിച്ച്, അതു മാത്രമാണ് മതത്തിൽ നമുക്കുവേണ്ട ആധികാരിക സഹാ യം. അതു മാത്രമാണ് ദൈവശ്വാസീയമായതും സകല സൽപ്രവൃത്തിക്കും നമ്മെ തികവുള്ളവരാക്കി മാറ്റുന്നതും (2 തിമൊഥെയൊസ് 3:16, 17). അതിലു ള്ളത് "സ്വാതന്ത്ര്യത്തിന്റെ, തികഞ്ഞ ന്യായപ്രമാണം" ആണ് (യാക്കൊബ് 1:25) കൂടാതെ ''വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ചുകൊടുത്ത വിശ്വാസവും ആണ്" (യൂദാ 3). ദൈവവചനത്താൽ, നാം സത്യം അനുസ രിക്കുമ്പോൾ വീണ്ടും ജനിക്കുന്നു (1 പത്രൊസ് 1:22), അതിനാൽ അവ സാനം വിധിക്കപ്പെടുകയും ചെയ്യും (യോഹന്നാൻ 12:48). മതത്തിൽ ഉള്ള ഏക അധികാരം ബൈബിൾ *എന്നത്*. അതു നാം സമ്മതിക്കാതെ, നമുക്ക് ഒരിക്കലും ഒന്നായി തീരുവാൻ സാധ്യമല്ല.

*ബൈബിൾ സംബന്ധമായ ഐക്യത ക്രിസ്തുവിലുള്ള ഐക്യതയാണ്.* യോഹന്നാൻ 17:21-ൽ, യേശു പറഞ്ഞു, "അവർ എല്ലാവരും ഒന്നാകേണ്ട തിന്; പിതാവേ, നീ എന്നിലും, ഞാൻ നിന്നിലും, ആകുന്നതുപോലെ, അവരും *നമ്മിൽ* ആകേണ്ടതിനു തന്നെ; ..." (എംഫസിസ് മൈൻ). നമ്മുടെ അന്യോന്യ മുള്ള ഐക്യത ദൈവത്തോടും ക്രിസ്തുവിനോടും ഉള്ള ഐക്യതയാണ്. ഇതു 1 യോഹന്നാൻ 1:7-ൽ യോഹന്നാൻ തന്നെ വ്യക്തമാക്കുന്നുണ്ട്: "അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടന്നാൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, യേശുവിന്റെ രക്തം നമ്മുടെ എല്ലാ പാപങ്ങളും പോക്കി നമ്മെ ശുദ്ധീകരിക്കുകയും ചെയ്യുന്നു." ഐക്യതയുടെ ലക്ഷ്യം അന്യോന്യം യോജിക്കുക, അല്ലെങ്കിൽ "അന്യോന്യം കൂട്ടായ്മവരുത്തുക" എന്നതാണ്. അത് പിന്നെ എങ്ങനെ നേടിയെടുക്കാം? അത് "വെളിച്ചത്തിൽ നടക്കുന്ന," തിലൂടെ നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുമ്പോൾ കൈവരി ക്കുന്നു. യോഹന്നാൻ പറയുന്നത് നമ്മുടെ മുകളിലേക്കുള്ള ബന്ധം ശരി യായാൽ, നമ്മുടെ ദൈവവുമായിട്ടുള്ള ബന്ധം ശരിയായാൽ, പിന്നെ ഇവി ടെയുള്ള നമ്മുടെ ബന്ധം ശരിയാകുകയും നമുക്ക് അന്യോന്യം, ഒന്നായി തീരുവാനും കൂട്ടായ്മ ഉണ്ടാക്കുവാനും കഴിയും.

മറ്റൊരു വാക്കിൽ പറഞ്ഞാൽ, നാം എല്ലാവരും ക്രിസ്തുവിനോടു ചേരു മ്പോഴാണ് നാം വാസ്തവത്തിൽ അന്യോന്യം ഒന്നായി തീരുന്നത്. ഒരു ചക്ര ത്തിന്റെ കമ്പികൾ എല്ലാം അതിന്റെ ഹബ്ബിനോടു ശരിയായി യോജിച്ചിരു ന്നാൽ, അവയ്ക്ക് അന്യോന്യം ശരിയായ ഒരു ബന്ധമുണ്ടായിരിക്കും. അതു പോലെ, നാം എല്ലാം വിശ്വാസത്തിന്റെ പൂർത്തിവരുത്തുന്നവനായ, യേശു വിന്റെ ഭാഗത്തോടു ശരിയായി യോജിച്ചാൽ, പിന്നെ നാം അന്യോന്യം ശരി യായി ബന്ധപ്പെട്ടിരിക്കും.

*ബൈബിൾ സംബന്ധമായ ഐക്യത സഭയുടെ ഭാഗമാകുന്ന ഐക്യത യാണ്.* ഐക്യത ക്രിസ്തുവിലാണെങ്കിൽ, അവന്റെ സഭയിലാണ് ഐക്യത എന്നു മനസ്സിലാക്കുന്നതിൽ അതിശയിക്കേണ്ട കാര്യമില്ല, കാരണം സഭ എന്നത്, "എല്ലാം നിറയ്ക്കുന്നവന്റെ നിറവായ" ക്രിസ്തുവിന്റെ ശരീരമാണ് (എഫെസ്യർ 1:23). ക്രിസ്തുവിന്റെ നിറവാണ് സഭയെങ്കിൽ, നമുക്ക് പിന്നെ സഭയിലാകാതെ ക്രിസ്തുവിൽ ആകുവാൻ സാധ്യമല്ല. അതുകൊണ്ട്, നാം ഒന്നായി തീരുവാൻ, നാം ക്രിസ്തുവിൽ ആകുക മാത്രമല്ല; നാം അവന്റെ ശരീരമായ സഭയിൽ ആകുകയും വേണം.

സഭ എന്നത് ഒന്നാണ്. ഒരു സഭ മാത്രം പണിയുമെന്നാണ് യേശു വാഗ്ദാനം ചെയ്തത് (മത്തായി 16:18). അതിന്റെ ഫലമായി, സഭ ഒന്നുമാത്രമാണുള്ളത് (എഫെസ്യർ 4:4). ദൈവം "ക്രൂശുമുഖാന്തരം ഏക ശരീരത്തിൽ ദൈവത്തോടു" യെഹൂദന്മാരെയും യവനന്മാരെയും നിരപ്പിച്ചു (എഫെസ്യർ 2:16), അതിന്റെ ഫലമായി ആ ശരീരം ഏകസഭയായി - ഒരു ഇടയനും ഒരു കൂട്ടവുമായി തീർന്നു (യോഹന്നാൻ 10:16). സഭയിൽ ആയിത്തീർന്ന അംഗങ്ങൾ ശരീരത്തിലെ അവയവങ്ങൾ, അല്ലെങ്കിൽ, ഭാഗങ്ങൾ ആയി തീർന്നു, "അവർ പല അവയവ ങ്ങൾ ആണ്," എങ്കിലും "ഏക ശരീരം" ആകുന്നു (1 കൊരിന്ത്യർ 12:2). ക്രിസ്തു വിലുള്ള ഏകത്വം അവന്റെ സഭയിൽ അവന്റെ അനുയായികൾ എല്ലാം അനു ഭവിക്കുവാൻ ക്രിസ്തു ആഗ്രഹിക്കുന്നു.

അതുകൊണ്ട്, സഭയ്ക്കു പുറത്ത് അന്വേഷിക്കേണ്ട ഒന്നല്ല ഐക്യത. അത് നാമധേയ വിഭാഗങ്ങൾക്കുള്ളിലും അന്വേഷിക്കേണ്ടഒന്നല്ല. വ്യത്യസ്ത മായ സഭകളുടെ യോജിപ്പിലും അതു ഉണ്ടാകുന്നില്ല. വിശ്വാസികൾ ക്രിസ്തു വിൽ ഒന്നായി തീരുന്നത് അവർ പുതിയ നിയമ സഭയുടെ ഭാഗമായി തീരു മ്പോഴാണ്.

*ബൈബിൾപരമായ ഐക്യത ആവശ്യകതകളുടെ ഐക്യതയാണ്.* പുതിയ നിയമം പഠിപ്പിക്കുന്നത് "നാം ഏക മനസ്സുള്ളവർ" ആകണം എന്നാ ണ്. എങ്കിലും ക്രിസ്ത്യാനിത്വത്തിൽ, ബൈബിൾ വെച്ചിട്ടുള്ള അതിരുകൾക്കു ള്ളിൽ, വ്യത്യസ്തമായ അഭിപ്രായങ്ങൾക്കും രീതികൾക്കും അവസരം ഉണ്ട്.

ഒന്നാം നൂറ്റാണ്ടിലെ സഭകൾ ഉപദേശത്തിൽ യോജിച്ചിരുന്നു. എന്നാൽ രീതികളിൽ അവർക്കുള്ളിൽ ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു. ഉദാഹര ണത്തിന്, എല്ലാവരും കർത്തൃദിവസത്തിൽ ആരാധിച്ചിരുന്നുവെങ്കിലും, അവർ എല്ലാവരും ഒരേ സമയത്തായിരിക്കില്ല കർത്തൃദിവസത്തിൽ കൂടിവ ന്നിരുന്നത്. കൂടാതെ, കർത്താവിന്റെ വേല വളരേണ്ടതിന് അവർ വ്യത്യ സ്തമായ രീതികൾ അവലംബിച്ചിരിക്കാം. പ്രസംഗിക്കേണ്ട ഏറ്റവും നല്ല സ്ഥലം ചന്ത സ്ഥലമാണെന്ന് ചിലർ കരുതിയപ്പോൾ, മറ്റു ചിലർ വാടകക്കെ ടുക്കുന്ന ഹാളുകളിൽ പ്രസംഗിക്കുന്നതാണ് ഏറ്റവും നല്ലതെന്നു കരുതി.

അതിനുപുറമെ, വിഗ്രഹങ്ങൾക്കുമുൻപിൽ വച്ച ഭക്ഷണപദാർത്ഥങ്ങൾ കഴിക്കുന്നതിനെ കുറിച്ചുള്ള, ചില ചോദ്യങ്ങൾ വന്നപ്പോൾ, അതിന് ഓരോ സാഹചര്യം അനുസരിച്ച് വ്യത്യസ്ത ഉത്തരങ്ങൾ നൽകിയിട്ടുണ്ട്. അതു കൊണ്ട്, ഒരു ഇടവകയിലെ ക്രിസ്ത്യാനികൾ അത്തരം മാംസം ഭക്ഷിക്കു കയും മറ്റൊരിടവകയിലെ ക്രിസ്ത്യാനികൾ അതു ഭക്ഷിക്കാതിരിക്കുകയും ചെയ്തു.

വർഷങ്ങളായി ചില വ്യത്യാസങ്ങൾ ക്രിസ്ത്യാനികൾക്കിടയിൽ തുടർന്നു വരുന്നുണ്ട് - "എങ്ങനെ" കർത്താവിന്റെ വേല കൈകാര്യം ചെയ്യണം എന്ന

തിനെ കുറിച്ചും, മുൻഗണനയും നടപടിയുമുള്ള കാര്യങ്ങളെ കുറിച്ചും, ബൈബിൾ വ്യക്തമായി ഉത്തരം പറയാത്ത വിവാദ ചോദ്യങ്ങളെ കുറിച്ചുമെല്ലാം വ്യത്യസ്തത നിലനിന്നിരുന്നു. ക്രിസ്ത്യാനികൾക്കിടയിൽ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ അവർ എന്തു ചെയ്യും? പൂർണ്ണ ഐകരൂപ്യം കൂടാതെ തന്നെ ഐക്യത എന്ന ആശയം സ്വീകരിപ്പാൻ അവർക്കു കഴിയും. അഭിപ്രായങ്ങളുടെ കാര്യത്തിൽ, മറ്റുള്ളവർക്ക് നമ്മോടു വിയോജിക്കുവാൻ സ്വാതന്ത്ര്യം നാം അനുവദിക്കണം.

എങ്ങനെയായാലും, വിശ്വാസത്തിന്റെ കാര്യത്തിൽ പുതിയ നിയമ ക്രിസ്ത്യാനികൾക്കിടയിൽ ഐക്യത ഉണ്ടായിരുന്നു. അഭിപ്രായത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങളിൽ ക്രിസ്ത്യാനികൾ വ്യത്യാസം പുലർത്തിയിരുന്നു, എന്നാൽ ക്രിസ്ത്യാനിത്വത്തിന്റെ ആവശ്യകതകളിൽ അവർ എല്ലാവരും യോജിച്ചിരുന്നു: അത് ക്രിസ്ത്യാനിയായി തീരുവാനും, കർത്താവിന്റെ സഭയിൽ ഒരു ക്രിസ്ത്യാനിയായി അവനെ ആരാധിച്ച് അവന്റെ വേല ചെയ്യുവാനും, ക്രിസ്തീയമായ രീതിയിൽ ജീവിക്കുവാനും ആവശ്യമുള്ളതിലായിരുന്നു അവർ യോജിച്ചത്.

*ശരിയായ മനോഭാവത്താൽ നിലനിർത്തേണ്ടതാണ് ബൈബിൾ സംബന്ധമായ ഐക്യത.* ഒരിക്കൽ നാം അവനെ അനുസരിച്ചുകൊണ്ടു ക്രിസ്തുവിൽ ഒന്നായി തീർന്നു, അവന്റെ സഭയുടെ ഭാഗമായി തീർന്നു, എങ്കിലും ഒരു കാര്യം അപ്പോഴും ചെയ്യേണ്ടതായിട്ടുണ്ട്: നമ്മുടെ ഐക്യത ശരിയായ മനോഭാവത്താൽ നിലനിർത്തേണ്ടതായിട്ടുണ്ട്.

ബൈബിൾ സംബന്ധമായ ഐക്യത നഷ്ടപ്പെടുവാൻ ഇടയുണ്ട്. പുതിയ നിയമ കാലയളവിൽ, വിശ്വാസികൾ എല്ലാവരും വാസ്തവത്തിൽ ഒന്നായിരുന്നു. അവർ എല്ലാവരും ഒന്നുതന്നെ വിശ്വസിക്കുകയും ഉപദേശിക്കുകയും ചെയ്തുകൊണ്ട് ഏക സഭയിൽ തന്നെ നിലനിന്നിരുന്നു. എന്നിട്ടും ഭിന്നത ഒഴിവാക്കുവാനും ഐക്യത കാത്തുസൂക്ഷിപ്പാനും അവരെ പ്രബോധിപ്പിക്കേണ്ടത് ആവശ്യമായിരുന്നു. എന്തുകൊണ്ട്? കാരണം പിണക്കത്താൽ അവരുടെ വാസ്തവത്തിലുള്ള ഐക്യത നഷ്ടപ്പെട്ടുപോകുവാൻ സാധ്യത ഉണ്ടായിരുന്നു.

എഫെസോസിലുള്ള ക്രിസ്ത്യാനികളെ പൗലൊസ് പ്രബോധിപ്പിച്ചു: “പൂർണ്ണവിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കയും, സ്നേഹത്തിൽ അന്യോന്യം പൊറുക്കയും, ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ, കാപ്പാൻ ശ്രമിക്കയും ചെയ്വിൻ” (എഫെസ്യർ 4:2, 3). ഫിലിപ്പ്യരോടു അവൻ പറഞ്ഞതു “നിങ്ങൾ ഏകമനസ്സുള്ളവരായി, ഏക സ്നേഹം പൂണ്ട്, ഐകമത്യപ്പെട്ട് ഏകഭാവമുള്ളവരായി, ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ” (ഫിലിപ്പ്യർ 2:2). അവൻ കൊലോസ്യരോടു അപേക്ഷിച്ചത്, “എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ, സ്നേഹം ധരിപ്പിൻ” (കൊലൊസ്യർ 3:14). നമുക്കും അതേ സന്ദേശം ആവശ്യമാണ്.

ക്രിസ്തുവിന്റെ സഭയിലുള്ള എല്ലാവരും സംഘടിതരായി ഒന്നാണ്. ഈ വേദഭാഗങ്ങൾ പറയുന്നത്, ഒന്നാകുന്നതിലൂടെ, നാം ഒന്ന് എന്നപോലെ പ്രവർത്തിക്കുവാൻ ആഗ്രഹിക്കണം എന്നാണ്. ദൈവവചനം അനുസരിച്ച് ഒന്നായി തീരേണ്ടത് പ്രാധാന്യമുള്ള കാര്യമാണ്. എന്നാൽ വിചാരത്തിൽ, സഹതാപത്തിൽ, മനസ്സലിവിൽ ഒന്നായി തീരുവാൻ നമ്മെ നയിക്കുന്ന മനോഭാവങ്ങൾ നാം വളർത്തേണ്ടത് പ്രാധാന്യമുള്ള കാര്യമാണ് - അതുപോലെ താഴ്മയും വിനയവും, ക്ഷമ, ദീർഘക്ഷമ, പാപക്ഷമ, ബന്ധം, നിസ്വാർത്ഥ

ത, എളിമ, ക്രിസ്തുവിന്റെ ഭാവം എന്നീ മനോഭാവങ്ങളും നാം വളർത്തിയെടുക്കണം! എല്ലാറ്റിലുമുപരി, നാം സ്നേഹത്തിനുവേണ്ടി പ്രയത്നിക്കണം, കാരണം സ്നേഹത്തിന് "സമ്പൂർണ്ണതയുടെ ബന്ധമാണ് ഉള്ളത്" (കൊലൊസ്യർ 3:14; ആർഎസ്വി).

### ഉപസംഹാരം

വ്യത്യസ്ത ശരീരങ്ങളുടെ വെറും സഹകരണം മാത്രമല്ല ബൈബിൾപരമായ ഐക്യത, അല്ലെങ്കിൽ മനുഷ്യരുടെ ആശയങ്ങളുടെ വിട്ടുവീഴ്ച്ചയിൽ നിന്നുണ്ടാകുന്നതുമല്ല.

മറിച്ച്, ബൈബിൾ ഐക്യത എന്നത്: *(1) ദൈവവചനത്തെ അടിസ്ഥാനമാക്കിയുള്ള ഐക്യത ... (2) ക്രിസ്തുവിൽ കാണുന്നതും ... (3) സഭയുടെ ഭാഗവും ... (4) ആവശ്യകതകളുടെ ഐക്യതയുമാണ് ... (5) ശരിയായ മനോഭാവത്താൽ നിലനിർത്തേണ്ടതുമാണ്.*

ഐക്യതക്കുവേണ്ടി നിങ്ങൾക്കു എന്തു സംഭാവന ചെയ്യുവാൻ കഴിയും? അതിനെ ഏതു ദിശയിൽ നിന്നുകൊണ്ടു നോക്കിയാലും, നിങ്ങളുടെ പാപങ്ങൾക്കുള്ള മോചനത്തിനായി ക്രിസ്തുവിലേക്ക് ചേരുവാൻ *വിശ്വാസത്താലും അനുസരണത്താലും സ്നാനമേൽക്കുന്നതിലൂടെയാണ് നിങ്ങൾ ക്രിസ്ത്യാനിയായി തീരേണ്ടത്.*

ക്രിസ്തുവിന്റെയും അവന്റെ വചനത്തിന്റെയും അധികാരത്തെ സ്വീകരിപ്പാൻ *നിങ്ങൾ സ്നാനമേൽക്കേണ്ടത് ആവശ്യമാണ്* (മത്തായി 28:18–20).

ക്രിസ്തുവിനോടു ചേരുവാൻ, നിങ്ങൾ യേശുവിൽ വിശ്വസിച്ചശേഷം, *നിങ്ങൾ സ്നാനമേൽക്കേണ്ടതായിട്ടുണ്ട്* (ഗലാത്യർ 3:26–28).

ക്രിസ്ത്യാനികൾ ഒന്നായി തീരുന്ന ഏക സഭയിൽ അംഗമാകേണ്ടതിന് *നിങ്ങൾ സ്നാനമേൽക്കണം* (1 കൊരിന്ത്യർ 12:13).

ക്രിസ്ത്യാനിത്വത്തിലെ ആവശ്യകതകളിൽ തീർച്ചയായും ഒന്നാണ് സ്നാനം എന്നതിനാൽ *നിങ്ങൾ സ്നാനം ഏൽക്കേണ്ടത് ആവശ്യമായിരിക്കുന്നു.* ക്രിസ്തുവാണ് സ്നാനം ആവശ്യപ്പെട്ടിരിക്കുന്നത് (മർക്കൊസ് 16:15, 16) പാപമോചനം ലഭിക്കേണ്ടതും ആവശ്യമാണ് (പ്രവൃത്തികൾ 2:38). അത് എഫെസ്യർ 4–ാം അദ്ധ്യായത്തിലെ ഏഴു "ഒന്നുകളിൽ" ഒന്നാണ്.

*നിങ്ങൾ സ്നാനം ഏൽക്കുമ്പോൾ,* ക്രിസ്തുവിൽ വിശ്വസിക്കുകയും നിങ്ങളുടെ പാപങ്ങളിൽ നിന്ന് മാനസാന്തരപ്പെടുകയും ചെയ്തശേഷം, യേശുവിനെ പിൻപറ്റുന്നവരോടും ക്രിസ്തുവിനോടും നിങ്ങൾ ചേരുന്നു. ക്രിസ്തീയ ഐക്യതക്കു നിങ്ങൾ ആദ്യം ചെയ്യേണ്ടത് അതാണ്. പിന്നെ നിങ്ങളുടെ സഹോദരന്മാരെ സ്നേഹിക്കുവാൻ ശീലിച്ചുകൊണ്ട് ഞങ്ങൾക്ക് സഭയിൽ ഐക്യത നിലനിർത്തുവാൻ കഴിയും. അങ്ങനെ മറ്റുള്ളവരും ക്രിസ്തുവിന്റെ ശരീരത്തോടു എകീഭവിക്കേണ്ടതിനു അവരെ നിങ്ങൾക്കു ഉത്തേജിപ്പിക്കുവാൻ കഴിയും.

ആരോ പറഞ്ഞു, "യോജിച്ചാൽ നാം നിൽക്കും, ഭിന്നിച്ചാൽ നാം വീഴും." ഐക്യതയുടെ പ്രാധാന്യം നാം എല്ലാവരും തിരിച്ചറിയേണ്ട സമയമാണിത്. ബൈബിൾപരമായ രീതിയിൽ ഐക്യതക്കുവേണ്ടി ശ്രമിക്കുവാൻ തുടങ്ങേണ്ട സമയവും ഇപ്പോഴാണ്. നാം ബൈബിൾപരമായി യോജിച്ചാൽ, നിലനിൽ*ക്കും.* വിഭജിച്ചാൽ, നാം വീണു*പോകും.*